# പതിമൂന്നാം കേരള നിയമസഭ

എട്ടാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1120 21.03.2013ൽ മറുപടിയ്ക്ക്

## എയ്ഡഡ് എൻജിനീയറിംഗ് കോളേജുകളിലെ നിയമനങ്ങൾക്ക് എ.ഐ.സി.ടി.ഇ. മാനദണ്ഡപ്രകാരമുള്ള ശമ്പളം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി പി.അയിഷാ പോറ്റി | ശ്രീ.പി.കെ.അബ്ദുറബ്ബ് (ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ എയ്ഡഡ് എൻജിനീയറിംഗ് കോളേജുകളിലെ നിയമനങ്ങൾക്ക് എ.ഐ.സി.ടി.ഇ. മാനദണ്ഡങ്ങൾക്ക് വിധേയമായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് അംഗീകാരം നൽകി ശമ്പള വിതരണം, ഗ്രേഡ്,മറ്റ് ആനുകൂല്യങ്ങൾ എന്നിവ നൽകുന്നുണ്ടോ ; വിശദമാക്കുമോ ; | (എ) സംസ്ഥാനത്തെ മൂന്ന് എയ്ഡഡ് എൻജിനീയറിംഗ് കോളേജുകളിലെയും അദ്ധ്യാപക നിയമനങ്ങൾക്ക് എ.ഐ.സി.ടി.ഇ. മാനദണ്ഡങ്ങൾക്ക് വിധേയമായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിന്നും അംഗീകാരം നൽകി ശമ്പള വിതരണം, ഗ്രേഡ് , മറ്റ് ആനുകൂല്യങ്ങൾ എന്നിവ നൽകുന്നുണ്ട്. ടി കോളേജുകളിലെ അനദ്ധ്യാപക നിയമനങ്ങൾ സർക്കാർ അനുശാസിക്കുന്ന നിയമങ്ങൾക്ക് വിധേയമായി അംഗീകാരം നൽകി ശമ്പളവും, മറ്റ് ആനുകൂല്യങ്ങളും നൽകി വരുന്നുണ്ട്. |
| (ബി) സംസ്ഥാനത്തെ സർക്കാർ എൻജിനീയറിംഗ് കോളേജുകളിൽ പോളി സ്കീമിൽപ്പെട്ട അദ്ധ്യാപകർക്ക് നിയമനമോ, ഗ്രേഡോ മറ്റ് ആനുകൂല്യങ്ങളോ നൽകാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ ? | (ബി) സംസ്ഥാനത്തെ സർക്കാർ എൻജിനീയറിംഗ് കോളേജുകളിൽ പോളി സ്കീമിൽപ്പെട്ട അദ്ധ്യാപകർക്ക് നിയമനവും, ഗ്രേഡും, മറ്റ് ആനുകൂല്യങ്ങളും സർക്കാർ അനുശാസിക്കുന്ന ഉത്തരവുകൾക്ക് വിധേയമായി നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ